**കേരള സർക്കാർ**

**സംഗ്രഹം**

**നികുതി വകുപ്പ് - എക്സൈസ് - 2022-23 സാമ്പത്തിക വർഷത്തെ മദ്യനയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

നികുതി (ജി) വകുപ്പ്

ജി.ഒ.(എം.എസ്) നം. 18/2022/നി.വ തീയതി, തിരുവനന്തപുരം, 31.03.2022

---

പരാമർശം:- 1. 13/06/2017 തീയതിയിലെ ജി.ഒ(എം.എസ്) 43/2017/നി.വ.

2. 15/03/2018 തീയതിയിലെ ജി.ഒ(എം.എസ്) 21/2018/നി.വ.

3. 06/03/2019 തീയതിയിലെ ജി.ഒ(എം.എസ്) 14/2019/നി.വ.

4. 27/02/2020 തീയതിയിലെ ജി.ഒ(എം.എസ്) 22/2020/നി.വ.

5. 12/02/2021 തീയതിയിലെ ജി.ഒ(എം.എസ്) 12/2021/നി.വ.

---

## ഉത്തരവ്

സംസ്ഥാന സർക്കാർ 2017-18 വർഷത്തെ മദ്യനയം പ്രഖ്യാപിച്ച അവസരത്തിൽ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിന് മദ്യവർജ്ജനത്തിലൂന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. മദ്യനിരോധനം പ്രായോഗികമായി വിജയകരമായി നടപ്പിലാക്കാൻ കഴിയില്ലെന്ന് അനുഭവങ്ങളിലൂടെ ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് മദ്യവർജ്ജനം എന്ന ലക്ഷ്യത്തിലൂന്നിയത്. മദ്യാസക്തിക്ക് അടിമപ്പെട്ടവരെ ചികിൽസിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ എല്ലാ ജില്ലകളിലും അനുവദിക്കും എന്നും പ്രഖ്യാപിച്ചിരുന്നു. മയക്കുമരുന്നിനെതിരെ ശക്തമായ നടപടികളും ഉറപ്പാക്കിയിരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ പ്രഖ്യാപിച്ച മദ്യനയം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

അനധികൃത മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും വ്യാപനം തടയുന്നതോടൊപ്പം ജനങ്ങളെ ബോധവൽക്കരിച്ച് മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും ഉപയോഗം ഇല്ലാതാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ ശക്തമായ പ്രചരണം നടത്തി ലഹരിവിമുക്ത നവകേരളം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് "കേരള സംസ്ഥാന ലഹരിവർജ്ജനമിഷൻ വിമുക്തി"-ക്ക് രൂപം നൽകിയത്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, സാമൂഹ്യനീതി, ആരോഗ്യം, കായിക-യുവജനകാര്യം തുടങ്ങിയ മറ്റ് സർക്കാർ വകുപ്പുകൾ കുടുംബശ്രീ, NSS, NCC, SPC തുടങ്ങിയ വിദ്യാർത്ഥി-യുവജന സംഘടിത സംവിധാനങ്ങൾ, സന്നദ്ധ

പ്രവർത്തകർ എന്നിവരുടെയെല്ലാം സഹകരണത്തോടെ വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടത്തി വരുന്നു.

വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും അവരുടെ കർമ്മശേഷിയെ ക്രിയാത്മകമായ മറ്റ് മേഖലകളിൽ വിനിയോഗിക്കുന്നതിനും വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് പദ്ധതി ആവിഷ്കരിയ്ക്കേണ്ടതുണ്ട്. പ്രൊഫഷണൽ കോളേജുകളിലെ ലഹരി ഉപയോഗം തടയുന്നതിന് സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ക്യാമ്പസുകളിൽ ആരംഭിച്ച "നേർക്കൂട്ടം", ഹോസ്റ്റലുകളിൽ ആരംഭിച്ച "ശ്രദ്ധ" എന്നീ സമിതികൾ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിയ്ക്കേണ്ടതായിട്ടുണ്ട്.

ലഹരിക്കടിമപ്പെട്ടവർക്ക് ലഹരിമോചന ചികിൽസ നൽകുന്നതിന് 14 ജില്ലകളിലും സർക്കാർ ആശുപത്രികളോടനുബന്ധിച്ച് 14 ഡീ-അഡിക്ഷൻ സെന്ററുകളും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും വിമുക്തി മിഷന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നുണ്ട്. ലഹരിക്കടിമപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മതിയായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് തിരുവനന്തപുരത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായി ഡീ-അഡിക്ഷൻ ചികിത്സക്കുള്ള പ്രത്യേക സൗകര്യം പ്രവർത്തിച്ചുവരുന്നു. കൂടുതൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിയ്ക്കേണ്ടതായി സർക്കാർ കരുതുന്നു.

കള്ള് ചെത്ത് വ്യവസായം സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമാണ്. വളരെയധികം പേർക്ക് തൊഴിൽ നൽകുന്ന ഈ വ്യവസായം നിലവിൽ നാശോന്മുഖമായ അവസ്ഥയിലാണ്. സർക്കാർ കള്ള് ചെത്ത് വ്യവസായ വികസന ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കള്ള് ചെത്ത് വ്യവസായ വികസന ബോർഡ് അടുത്ത വർഷം പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കും.

ബിയർ/വൈൻ പാർലറുകളാക്കിയ ഹോട്ടലുകൾ ഉൾപ്പെടെ 3 സ്റ്റാർ മുതൽ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് മാത്രമാണ് നിലവിൽ സംസ്ഥാനത്ത് ബാർ ലൈസൻസ് അനുവദിച്ചു വരുന്നത്. ബാർ ലൈസൻസ് അനുവദിക്കുന്നതിൽ ഇത്തരം നിയന്ത്രണങ്ങൾ കർശനമായി തുടരുന്നതാണ്.

ഇന്ത്യൻ നിർമ്മിത വിദേശമദ്യവും, ബിയറും മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. മാത്രമല്ല ഇന്ത്യൻ നിർമ്മിത വിദേശമദ്യം നിർമ്മിക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുവായ ഇ.എൻ.എ (Extra Neutral Alcohol) പൂർണ്ണമായും സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്യുകയാണ്. കേരളത്തിൽ നിർമ്മിക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിൽ നല്ലൊരു പങ്ക് സംസ്ഥാനത്തിന് പുറത്തുള്ള മദ്യ ഉല്പാദന കമ്പനികൾ കേരളത്തിലെ ഡിസ്റ്റിലറികളിലൂടെ Tie-up വഴി

നിർമ്മിക്കുന്നതാണ്. ഇതുമൂലം സംസ്ഥാനത്തിന് ഉണ്ടാകേണ്ട വരുമാനവും, സൃഷ്ടിക്കാവുന്ന തൊഴിലവസരങ്ങളും നഷ്ടപ്പെടുകയാണ്. കേരളത്തിന് ആവശ്യമായ ഇന്ത്യൻ നിർമ്മിത വിദേശമദ്യമോ, ബിയറോ ഇവിടെ ഉത്പാദിപ്പിക്കാൻ കഴിയുന്നില്ല. അതിനുള്ള പരിഹാരം കേരളത്തിൽ നിലവിലുള്ള സ്ഥാപനങ്ങളിൽ ഉത്പാദനം വർദ്ധിപ്പിക്കുക, പുതിയ യൂണിറ്റുകൾ ആരംഭിക്കുക എന്നിവയാണ്. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കശുമാങ്ങ, കൈതച്ചക്ക, ചക്ക, വാഴപ്പഴം, ജാതിതൊണ്ട് തുടങ്ങിയ പല കാർഷിക വിഭവങ്ങളും ഉപയോഗശൂന്യമായി പോകുന്നുണ്ട്. ഇത് കർഷകർക്ക് വലിയ വരുമാന നഷ്ടം ഉണ്ടാക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് ഇത്തരം കാർഷിക വിഭവങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ആക്കുന്നതിലൂടെ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ധാന്യങ്ങൾ ഒഴികെയുള്ള കാർഷിക ഉൽപ്പന്നങ്ങളിൽ നിന്ന് വൈനും, വീര്യം കുറഞ്ഞ മദ്യവും ഉത്പാദിപ്പിച്ചാൽ അത് കേരളത്തിലെ കാർഷിക മേഖലയ്ക്ക് വലിയ ഉണർവാകും. കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് കൃത്യമായ വിപണിയും, ന്യായമായ വിലയും ലഭിക്കും.

സംസ്ഥാനത്ത് മദ്യ നിരോധനം നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ ഉദയഭാനു കമ്മീഷൻ വീര്യം കൂടിയ മദ്യം ഘട്ടംഘട്ടമായി കുറച്ചുകൊണ്ട് വീര്യം കുറഞ്ഞ മദ്യ ഉപയോഗത്തിലേക്ക് ജനങ്ങളെ കൊണ്ടുവരണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വിൽക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശ്യമദ്യത്തിന്റെ വീര്യം 42.86% v/v ആണ്. ഇതോടൊപ്പം തന്നെ 20 % v/v വരെ വീര്യമുള്ള മദ്യം ലഭ്യമാക്കിയാൽ വീര്യം കൂടിയ മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ സാധിക്കും.

സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിലും പ്രധാന പങ്ക് വഹിക്കുന്ന മേഖലകളാണ് വിനോദ സഞ്ചാരമേഖലയും, വിവര സാങ്കേതിക വിദ്യാ മേഖലയും. വിനോദ സഞ്ചാര മേഖലയിൽ മയക്കുമരുന്നിന്റെ ഉപയോഗം പോലുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ഒരു കാരണവശാലും അനുവദിക്കാൻ കഴിയില്ല. എന്നാൽ MICE Tourism (Meeting, Incentives, Conferences, Conventions, Exhibitions and Events) പോലുള്ള മേഖലകളിൽ മദ്യത്തിന്റെ ലഭ്യത ഒഴിച്ചുകൂടാൻ കഴിയാത്തതാണ്. മദ്യം ലഭ്യമല്ലാത്ത സാഹചര്യം വിനോദ സഞ്ചാര മേഖലക്ക് ഗുണം ചെയ്യുകയുമില്ല. സംസ്ഥാനത്ത് ഐ.ടി പാർക്കുകളിൽ ഇതിനായി നീക്കിവയ്ക്കുന്ന പ്രത്യേക സ്ഥലങ്ങളിൽ കർശനമായ വ്യവസ്ഥകളോടെ മദ്യം നൽകുന്നതിന് പ്രത്യേക ലൈസൻസ് അനുവദിക്കേണ്ടതുണ്ട്.

അബ്കാരി ആക്ടിലെ ചില വകുപ്പുകൾ നിലവിൽ പിഴ അടച്ച് വകുപ്പ് തലത്തിൽ കോമ്പൗണ്ട് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങൾ ഇത്തരത്തിൽ കോമ്പൗണ്ട്

ചെയ്യുന്നത് വഴി ഖജനാവിലേക്ക് പിഴ ഇനത്തിൽ വരുമാനം വർദ്ധിപ്പിയ്ക്കുവാനും, കോടതികളിലെയും എക്സൈസ് ആഫീസുകളിലെയും കേസുകളുടെ ബാഹുല്യം കുറയ്ക്കാനും സാധിക്കും. ഇതുൾപ്പെടെ അബ്കാരി ആക്റ്റ്/ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കേണ്ടതുമാണ്.

എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കും. എക്സൈസ് വകുപ്പ് നൽകുന്ന എല്ലാ സേവനങ്ങളും 2022 ഏപ്രിൽ 1 മുതൽ ഓൺലൈൻ വഴി ലഭ്യമാക്കും. എല്ലാ മേഖലയിലും സ്ത്രീ ശാക്തീകരണം സർക്കാരിന്റെ ലക്ഷ്യമാണ്. അതിന്റെ ഭാഗമായി എക്സൈസ് വകുപ്പിൽ കൂടുതൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടികളും, വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിയ്ക്കേണ്ടതുണ്ട്.

സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പന ശാലകളിലെ തിരക്ക് കുറച്ച്, കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതുണ്ട്. ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിൽ ഉത്പാദിപ്പിയ്ക്കുന്ന ജവാൻ റം സംസ്ഥാനത്തെ മുഴുവൻ ആവശ്യത്തിനും തികയുന്നില്ല. അതിനാൽ ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിൽ മദ്യ ഉത്പാദനം വർധിപ്പിയ്ക്കണം. അതുപോലെ മലബാർ ഡിസ്റ്റിലറി ലിമിറ്റഡിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. മലബാർ ഡിസ്റ്റിലറിയിൽ മദ്യ ഉത്പാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മദ്യ ഉത്പ്പാദനവുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങൾ ആരംഭിയ്ക്കുന്നത് പരിഗണിയ്ക്കും. ഇത് സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിയ്ക്കുന്നതിനും, പൊതുമേഖലയിൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനും സഹായകരമാകും.

അബ്കാരി കുടിശ്ശിക ഇനത്തിൽ 267 കോടി രൂപ സർക്കാരിന് ലഭ്യമാകാനുണ്ട്. ഇതു പിരിച്ചെടുക്കുന്നതിന് പലിശ ഇളവ് നൽകികൊണ്ടും, മുതൽ തുകയിൽ ന്യായമായ ആനുകൂല്യങ്ങൾ നൽകി കൊണ്ടും ആംനസ്റ്റി സ്കീം (ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി) നടപ്പിലാക്കേണ്ടതുണ്ട്. കാലാനുസരണമായി എക്സൈസ് ഡ്യൂട്ടിയും ഫീസുകളും പുനർ നിർണ്ണയിക്കേണ്ടതുണ്ട്. സി.എസ്.ഡി (ക്യാൻറ്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ടമെന്റ്) വഴിയും സി.പി.സി (സെൻട്രൽ പോലീസ് ക്യാൻറ്റീൻ) വഴിയും നൽകുന്ന മദ്യത്തിന് നിലവിൽ എക്സൈസ് ഡ്യൂട്ടി പ്രൂഫ് ലിറ്ററിന് 21 രൂപ മാത്രമാണ്. ഇത് വർദ്ധിപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന മദ്യത്തിന്റെ വലിയ അളവ് Tie-up വഴി നിർമ്മിക്കുന്നതാണ്. ഇതു വഴി ഇംപോർട്ട് ഫീ ഇനത്തിൽ സർക്കാറിന് വലിയ തുക നഷ്ടമാകുന്നുണ്ട്. നിലവിൽ Tie-up-ന് ഈടാക്കുന്ന ഫീസ് 2 ലക്ഷം രൂപ മാത്രമാണ്. ആയതും വർദ്ധിപ്പിക്കേണ്ടതുണ്ട്.

പ്ലാസ്റ്റിക് കുപ്പികൾ പൂർണ്ണമായി ഒഴിവാക്കി ഗ്ലാസ്സ് ബോട്ടിലുകളും ക്യാനുകളും ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്ലാസ്സ് ബോട്ടിലുകളിലും ക്യാനുകളിലും വിൽക്കുന്ന മദ്യത്തിന്റെ

ബ്രാന്റ് രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുന്നില്ല. അബ്കാരി ആക്ടിന് കീഴിലെ വിവിധ ചട്ടങ്ങൾ പ്രകാരം ഈടാക്കുന്ന ഫൈനുകൾ താരതമ്യേന കുറവാണ്. ആയത് കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്.

മുകളിൽ വിവരിച്ച വസ്തുതകൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം സർക്കാരിന്റെ 2022-23 സാമ്പത്തിക വർഷത്തെ മദ്യനയം പുറപ്പെടുവിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്ത് മദ്യവർജനത്തിന് മുൻതൂക്കം നൽകി വർദ്ധിച്ച ജനപങ്കാളിത്തത്തോടെ വിപുലമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടപ്പിലാക്കും.
2. സ്കൂൾ/കോളേജ് തലത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ലഹരിക്കെതിരായ പ്രചാരണം ശക്തിപ്പെടുത്തും. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ, വിദ്യാർത്ഥികളുടെ പാഠ്യേതര സമയത്തെ ഫലപ്രദമായി വിനിയോഗിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കും.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് തല ജാഗ്രതാ കമ്മിറ്റികൾ ശക്തിപ്പെടുത്തി ജനപങ്കാളിത്തത്തോടെ താഴെ തട്ട് വരെ ലഹരി വിരുദ്ധ പ്രവർത്തനം ശക്തിപ്പെടുത്തും.
4. ലഹരി ഉപയോഗത്തിൽ നിന്ന് മോചിതരായവരെ പുനരധിവസിപ്പിക്കുന്നതിന് കൃത്യമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കും.
5. വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ജില്ലകളിൽ ഒരിടത്ത് മാത്രമായതിനാൽ എല്ലാ ജില്ലകളിലും പുതിയ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്
6. ലഹരിക്കടിമപ്പെട്ടവരെ ലഹരി മോചന ചികിൽസാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് വിമുക്തി ത്വരിത സേവന വിഭാഗം ആരംഭിയ്ക്കും.
7. പ്രൊഫഷണൽ കോളേജുകളിലെ ലഹരി ഉപയോഗം തടയുന്നതിന് സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ക്യാമ്പസുകളിൽ ആരംഭിച്ച "നേർക്കൂട്ടം", ഹോസ്റ്റലുകളിൽ ആരംഭിച്ച "ശ്രദ്ധ" എന്നീ സമിതികൾ, ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും.
8. കെ.എസ്.ബി.സി-യുടെ സി.എസ്.ആർ ഫണ്ടിൽ നിന്ന് നിശ്ചിത ശതമാനം തുക വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനായി നീക്കി വയ്ക്കും.
9. വിമുക്തിയുടെ പ്രവർത്തനങ്ങൾക്ക് സി.എസ്.ആർ ഫണ്ട് ലഭ്യമാക്കാൻ തയ്യാറാകുന്ന കമ്പനികളിൽ നിന്ന് ആയത് ലഭ്യമാക്കി വിമുക്തി മിഷന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കും.

10. എക്സൈസ് വകുപ്പ് നൽകുന്ന എല്ലാ സേവനങ്ങളും 2022 ഏപ്രിൽ 1 മുതൽ ഓൺലൈൻ വഴി ലഭ്യമാക്കും.

11. പൊതുജനങ്ങൾക്ക് അനധികൃത ലഹരി വസ്തുക്കളുടെ വിപണനം/സംഭരണം/ഉപയോഗം എന്നിവ സംബന്ധിച്ച് ഓൺലൈൻ ആയി പരാതി സമർപ്പിക്കുന്നതിന് 'People's eye' എന്ന പേരിൽ ഒരു വെബ്ബ് അധിഷ്ഠിത മൊബൈൽ ആപ്പ് വികസിപ്പിക്കും. ഇത് വഴി പൊതുജനങ്ങൾക്ക് തങ്ങളുടെ പേര് വെളിപ്പെടുത്താതെ തന്നെ പെട്ടെന്ന് വിവരം കൈമാറാൻ കഴിയും.

12. എക്സൈസ് വകുപ്പിൽ കൂടുതൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

13. പ്രവർത്തന സൗകര്യം ഉറപ്പുവരുത്തുന്നതിനും എൻഫോഴ്സ്മെന്റ് കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുതിയ എട്ട് താലൂക്കുകളിൽ സർക്കിൾ ആഫീസ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

14. ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ ലഹരി ഉപയോഗത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ആ പ്രദേശങ്ങളിലെ യുവജനതയുടെ പ്രവർത്തന പരിചയം, ആ മേഖലയെ കുറിച്ചുള്ള അവരുടെ അറിവും ഉപയോഗപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 100 യുവ ജനങ്ങളെ അധിക തസ്തിക സൃഷ്ടിച്ച് എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർമാരായി നിയമിക്കും.

15. എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് കൂടുതൽ വാഹനങ്ങളും 100 പിസ്റ്റലുകളും വാങ്ങും. സൈബർസെല്ലിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തും. സൈബർസെല്ലിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ നൽകും.

16. കള്ള് ചെത്ത് വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി രൂപം കൊടുത്ത കള്ള്ചെത്ത് വ്യവസായ വികസന ബോർഡിന്റെ പ്രവർത്തനം ആരംഭിക്കും. കള്ളു ഷാപ്പുകളെ ആധുനിക രീതിയിൽ സജ്ജീകരിക്കും.

17. കള്ള്ഷാപ്പുകൾ നിലവിൽ 3 വർഷത്തെ വില്പന നടത്തിയിരിക്കുന്നതിനാൽ 2022-23 വർഷവും നിലവിലെ യോഗ്യരായ ലൈസൻസികൾക്ക് നിയമാനുസൃത ഫീസ് ഈടാക്കി കള്ള്ഷാപ്പ് നടത്താൻ അനുമതി നൽകും.

18. കള്ളിന്റെ ഉത്പാദനം, അന്തർജില്ല/അന്തർ റെയിഞ്ച് നീക്കം എന്നിവ നിരീക്ഷിക്കുന്നതിന് Track and Trace സംവിധാനം ഏർപ്പെടുത്തും. ഇത് കള്ള് ചെത്ത് വ്യവസായ രംഗത്ത് കൂടുതൽ സുതാര്യത ഉറപ്പാക്കും.

19. എഫ്.എൽ 1 ഷോപ്പുകളിലെ തിരക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കും. കൂടുതൽ എഫ്.എൽ 1 ഷോപ്പുകൾ walk in facility സംവിധാനത്തോടെ നവീകരിക്കും. എഫ്.എൽ 1 ഷോപ്പുകളിലെ തിരക്ക് ഒഴിവാക്കുന്നതിന്, കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചിരുന്നതും എന്നാൽ പൂട്ടിപോയതുമായ ഷോപ്പുകൾ പ്രീമിയം ഷോപ്പുകളായി പുനരാരംഭിക്കും.

20. എഫ്.എൽ 9 ഷോപ്പുകളിൽ (കെ.എസ്.ബി.സി. വെയർഹൗസ്) മദ്യവുമായി വരുന്ന വാഹനങ്ങൾ നിലവിൽ സ്ഥലപരിമിതി കാരണം വെയർഹൗസിന് അകത്തും, പല സ്ഥലങ്ങളിലും വെയർഹൗസിന് പുറത്തും ദിവസങ്ങളോളം പാർക്ക് ചെയ്യുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിന് കൂടുതൽ വെയർഹൗസുകൾ കെ.എസ്.ബി.സി സ്ഥാപിക്കും.

21. സംസ്ഥാനത്തെ ഐ.ടി പാർക്കുകളിൽ പ്രത്യേകം മാറ്റി വയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിന് അനുവാദം നൽകും. ഇത്തരത്തിൽ മദ്യം നൽകുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിന്റെ മാനദണ്ഡം ചട്ടങ്ങളിൽ ഉൾപ്പെടുത്തും.

22. നിലവിലുള്ള നിയമം അനുസരിച്ച് യോഗ്യതയുള്ളവർക്ക് ബ്രുവറി ലൈസൻസ് അനുവദിക്കും.

23. കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി ധാന്യങ്ങൾ ഒഴികെയുള്ള തനത് കാർഷികോൽപ്പന്നങ്ങളിൽ നിന്ന് വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിന് അനുമതി നൽകും.

24. കേരളത്തിലെ തനത് കാർഷികോൽപ്പന്നങ്ങളിൽ ധാന്യങ്ങൾ ഒഴികെയുള്ളതിൽ നിന്ന് വൈൻ നിർമ്മിക്കുന്നതിന് അനുവാദം നൽകും.

25. ഉഭയഭാനു കമ്മീഷന്റെ ശുപാർശയിൽ വീര്യം കുറഞ്ഞ മദ്യം പ്രോത്സാഹിപ്പിക്കണം എന്ന് ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് 20% v/v വരെ വീര്യമുള്ള മദ്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും.

26. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പലിശ ഇളവ് നൽകികൊണ്ടും മുതൽ തുകയിൽ ന്യായമായ ആനുകൂല്യങ്ങൾ നൽകി കൊണ്ടും ആംനസ്റ്റി സ്കീം (ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി) ധന വകുപ്പുമായി കൂടിയാലോചിച്ച് നടപ്പിലാക്കും.

27. കേരളത്തിലെ മദ്യ ഉല്പാദകർക്കും KSBC ഉൾപ്പെടെയുള്ള മദ്യ വിതരണക്കാർക്കും വിവിധ തലങ്ങളിൽ മറ്റ് സംസ്ഥാന ഉല്പാദകർക്ക് ബാധകമല്ലാത്ത നികുതി ചുമത്തുന്നുണ്ട്. ഈ നികുതിഘടന ധന വകുപ്പുമായി കൂടിയാലോചിച്ച് പരിഷ്കരിക്കുന്നത് പരിഗണിക്കും.

28. മദ്യം പ്ലാസ്റ്റിക് കുപ്പികളിൽ വിതരണം ചെയ്യുന്നത് കൊണ്ട് പ്രകൃതിക്ക് വലിയ ദോഷം സംഭവിക്കുന്നുണ്ട്. പ്ലാസ്റ്റിക് കുപ്പികൾ പൂർണ്ണമായി ഈ മേഖലയിൽ നിന്ന് ഒഴിവാക്കണം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 2023-24 വർഷം മുതൽ ഒരു തരത്തിലുമുള്ള പ്ലാസ്റ്റിക് നിർമ്മിത കുപ്പികളിലും മദ്യം വിതരണം ചെയ്യാൻ അനുവദിക്കില്ല. 2023-24 വർഷം മുതൽ മദ്യം വിതരണം ചെയ്യുന്നത് ഗ്ലാസ്/ക്യാൻ ബോട്ടിലുകളിൽ മാത്രമായിരിക്കും. നിലവിൽ ഗ്ലാസ് ബോട്ടിലുകൾക്ക് ലേബൽ അംഗീകാരത്തിനും ബ്രാൻഡ് രജിസ്ട്രേഷനും ഈടാക്കുന്ന ഫീസിൽ നല്കുന്ന ഇളവു ക്യാനിനും നൽകും.

29. COVID-19 മഹാമാരിയുമായി ബന്ധപെട്ട വിവിധ കാലയളവുകളിൽ ബാർ (FL3) ബിയർ/വൈൻ പാർലർ (FL11) ക്ലബ് (FL4A) എന്നിവ സർക്കാർ ഉത്തരവ് പ്രകാരം പ്രവർത്തനം പൂർണമായും നിർത്തിവച്ചിരുന്നു. ഇത്തരത്തിൽ സർക്കാർ ഉത്തരവ് പ്രകാരം പൂർണമായി പ്രവർത്തനം നിർത്തി വച്ചിരുന്ന കാലഘട്ടത്തിലെ ആനുപാതിക ലൈസൻസ് ഫീസ് അടുത്ത വർഷത്തെ ലൈസൻസ് ഫീസിൽ കുറവ് ചെയ്തു കൊടുക്കും.

30. കേരളത്തിലെ ഡിസ്റ്റിലറികളിലും വിദേശമദ്യ (compounding Blending & Bottling) യൂണിറ്റുകളിലും മറ്റ് സംസ്ഥാനങ്ങളിലെ ഇത്തരം സ്ഥാപനങ്ങൾ Tie-up വഴി മദ്യം ഉത്പാദിപ്പിക്കുന്നതിന് നിലവിലുള്ള ഫീസ് നിരക്ക് 2 ലക്ഷത്തിൽ നിന്ന് 5 ലക്ഷമായി വർദ്ധിപ്പിക്കും.

31. സി.എസ്.ഡി വഴിയും, സി.പി.സി വഴിയും വില്പന നടത്തുന്ന വിദേശ മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടി നിലവിലെ 21 രൂപയിൽ നിന്ന് പ്രൂഫ് ലിറ്ററിന് 25 രൂപയായി വർദ്ധിപ്പിക്കും.

32. വിദേശമദ്യം ചട്ടം 34 അനുസരിച്ച് ഈടാക്കുന്ന ഫൈൻ നിലവിലെ 15,000/- രൂപ, 50,000/- രൂപ എന്നത് യഥാക്രമം 30,000/- രൂപ, 1 ലക്ഷം രൂപ എന്നാക്കി ഉയർത്തുന്നതാണ്.

33. അബ്കാരി ആക്റ്റിന് കീഴിലെ വിവിധ ലൈസൻസ് ഫീസുകൾ താഴെപ്പറയും പ്രകാരം വർദ്ധിപ്പിക്കുന്നതാണ്.

| ക്രമ നം. | ഇനം | നിലവിലെ ഫീസ് | നിർദ്ദിഷ്ട ഫീസ് |
|---|---|---|---|
| 1 | ബാർ ലൈസൻസിൽ സർവ്വീസ് ഡസ്ക് സ്ഥാപിക്കുന്നതിന് | 25,000 | 50,000 |
| 2 | അഡീഷണൽ ബാർ കൗണ്ടർ | 30,000 | 50,000 |
| 3 | കേരളത്തിലെ ഡിസ്റ്റിലറികൾ അവരുടെ ബ്രാൻറ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് (other than glass bottles) | 75,000 | 1 ലക്ഷം |
| 4 | കേരളത്തിലെ ഡിസ്റ്റിലറികളിൽ സംസ്ഥാനത്തിന് പുറത്തുള്ള ഡിസ്റ്റിലറികൾ വിദേശമദ്യം ഉത്പാദിപ്പിക്കുമ്പോൾ അവയുടെ ബ്രാന്റ് രജിസ്ട്രേഷൻ ഫീസ് (other than glass bottles) | 3 ലക്ഷം | 4 ലക്ഷം |

മുകളിൽ പരാമർശിച്ചിരിക്കുന്ന നിർദ്ദേശങ്ങളിൽ, സാമ്പത്തിക ബാധ്യതയുള്ള നിർദ്ദേശങ്ങളിൽ ധനകാര്യവകുപ്പുമായി ആലോചിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.ആർ.ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്.

എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
നികുതി (എ/എഫ്) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ